# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി.എൽ.പി.എസ്
തിരുവില്വാമല.

# ഉള്ളടക്കം

സ്കൂളിനെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ
വിദ്യാലയത്തിന്റെ ലഘുചരിത്രം
നിലവിലുള്ള അവസ്ഥാ വിശകലനം
(അക്കാദമിക പരിമിതികൾ, നേട്ടങ്ങൾ)
അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ (2025-26)
പ്രവർത്തന വിശദാംശങ്ങൾ
(ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
പ്രതീക്ഷിത നേട്ടങ്ങൾ
മോണിറ്ററിംഗ്
ഉപസംഹാരം.

# ആമുഖം

അക്കാദമിക തലത്തിൽ കുട്ടികളുടെ മികവ് ലക്ഷ്യം വെച്ചു കൊണ്ട് സ്കൂൾ തലത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും ഉൾക്കൊള്ളിച്ചു കൊണ്ട് വിവിധ ക്ലാസ് തലത്തിൽ അവരുടെ നിലവാരത്തിനനുസരിച്ച് പ്രവർത്തനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക മികവ് നേടിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

വായന, ലേഖനം, ചതുഷ്ക്രിയകൾ എന്നീ മേഖലകളിൽ പ്രാവീണ്യം നേടുക എന്നതാണ് ലക്ഷ്യമെങ്കിലും ഇവയിൽ പിന്നോക്കക്കാരായവരെ കണ്ടെത്തി പരിശീലിപ്പിച്ച് മുൻ നിരയിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം.

# അക്കാദമിക മാസ്റ്റർപ്ലാൻ

## സ്കൂളിനെ കുറിക്കുന്ന പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: ജി.എൽ.പി.എസ് തിരുവില്വാമല

വിദ്യാലയം സ്ഥാപിതമായ വർഷം: 1969

പ്രധാനധ്യാപിക : നസീമ. ജെ

അധ്യാപകരുടെ എണ്ണം: 7

പി.ടി.സി.എം : 1
പ്രീ പ്രൈമറി ടീച്ചർ : 1
പ്രീ പ്രൈമറി ആയ : 1

വിദ്യാർത്ഥികളുടെ എണ്ണം:-

ആൺ കുട്ടികൾ: 97
പെൺ കുട്ടികൾ: 89
ആകെ : 186

കമ്പ്യൂട്ടർ റൂം : 1
ടോയ്‌ലറ്റുകൾ : 3 (ഗേൾസ്)+2(ബോയ്സ്)
ഗേൾസ് യൂറിനൽ : 1
ബോയ്സ് യൂറിനൽ : 1
കിണർ : കുഴൽകിണർ-1
പാചകപ്പുര : 1

# വിദ്യാലയ ചരിത്രം

തിരുവില്വാമലയുടെ ഹൃദയഭാഗത്താണ് ജി.എൽ.പി.എസ് തിരുവില്വാമല സ്ഥിതി ചെയ്യുന്നത്. 1918-ഓടു കൂടിയാണ് തിരുവില്വാമലയിൽ ഒരു സ്കൂൾ സ്ഥാപിതമായത്. ഇന്നത്തെ തിരുവില്വാമല വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളാണ് ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ചത്.

1918ൽ എൽ.പി സ്കൂളായി ആരംഭിച്ച ഈ വിദ്യാലയം പിന്നീട് യു.പി, ഹൈ. സ്കൂൾ വിഭാഗങ്ങളാക്കുകയും 1955ൽ എൽ. പി വിഭാഗത്തെ ഇതിൽ നിന്നും വേർപ്പെടുത്തുകയും അതേ മൈതാനത്തിൽ തന്നെ ഒരു ഓലമേഞ്ഞ കെട്ടിടത്തിൽ എൽ. പി സ്കൂളായി പ്രവർത്തിക്കുകയും ചെയ്തു.

1969ൽ ഇന്നത്തെ ജി. എൽ. പി. എസ് തിരുവില്വാമല ഹൈസ്കൂളിൽ നിന്ന് ഏകദേശം 200 മീറ്റർ അകലത്തിൽ സ്കൂളിനു പുറകിൽ പ്രവർത്തനം ആരംഭിച്ചു.

ഈ കെട്ടിടം സ്ഥാപിച്ചത് കേരളപ്പിറവിക്ക് ശേഷമായതിനാൽ മുഴുവൻ ധനസഹായവും കേരള ഗവൺമെന്റേതായിരുന്നു. വിദ്യാലയത്തിന് ആവശ്യമായ സ്ഥലം ശ്രീ V. K. N സംഭാവന ചെയ്തു.

1969ൽ സ്ഥാപിതമായ ജി. എൽ. പി. എസ് തിരുവില്വാമലയിലെ ആദ്യ പ്രധാനധ്യാപകരാണ് ശ്രീ. ടി. കേശവൻ, ശ്രീ. ടി.കെ. പൗലോസ്, ശ്രീ.പി. കൃഷ്ണൻ കുട്ടി, ശ്രീ. കെ. ശങ്കരൻ, വി.കെ. അബ്ദുൾ റഹ്മാൻ കുട്ടി തുടങ്ങിയവരായിരുന്നു.

## നിലവിലുള്ള അവസ്ഥാ വിശകലനം

അക്കാദമിക മികവിൽ മുൻ പന്തിയിൽ
നിൽക്കുന്ന കുട്ടികളാണ് ജി. എൽ. പി. എസ്
തിരുവില്വാമലയിൽ ഉള്ളത്. എങ്കിലും 25% പേർ
ശരാശരി നിലവാരത്തിന് താഴെയുള്ളവരാണ്. അവരെ
അക്കാദമിക മികവു പുലർത്തുന്ന മികച്ച കുട്ടികളാക്കു-
വാൻ പി. എസ്. സി വഴി സ്ഥിരം നിയമനം ലഭിച്ചിട്ടുള്ള-
സ്കൂളിലെ മുഴുവൻ അധ്യാപകരും അശ്രാന്ത പരിശ്രമം
നടത്തുകയും അതിനു വേണ്ട പ്രത്യേക പ്രവർത്തനങ്ങൾ
ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ അധ്യയന
വർഷത്തിൽ അഞ്ച് കുട്ടികൾ എൽ. എസ്. എസ് നേടി.
കൂടാതെ പാഠ്യേതര വിഷയങ്ങളിലും കഴിവ് തെളിയി
ക്കാൻ കഴിഞ്ഞ വർഷങ്ങളിൽ വിദ്യാലയത്തിനു സാധി
ച്ചിട്ടുണ്ട്.

കലോത്സവങ്ങളിലും പ്രവൃത്തി പരിചയ
ശാസ്ത്ര മേള . കലാ സാഹിത്യ വേദി നടത്തുന്ന മത്സര
ങ്ങളിലും മികവുറ്റ നേട്ടങ്ങൾ കൊയ്യുവാൻ വിദ്യാല
യത്തിന് സാധിച്ചിട്ടുണ്ട്.

കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടു
ത്തുന്നതിനായി ഗവൺമെന്റ് ആവിഷ്കരിച്ച മലയാ
ത്തിളക്കം, ശ്രദ്ധ എന്നീ പദ്ധതികൾ വളരെ മികവാർ-
ന്ന രീതിയിൽ ഇവിടെ പരിശീലിപ്പിക്കുന്നു.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നതിന് അദ്ധ്യാപകർ പ്രത്യേകം ക്ലാസുകൾ നൽകുന്നുണ്ട്. എൻ. എസ്. എസ് പരീക്ഷക്ക് കുട്ടികളെ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. പ്രത്യേകം തയ്യാറാക്കിയ ചോദ്യപേപ്പറുകൾ നൽകി കുട്ടികളെ വിലയിരുത്തി അവർക്കാവശ്യമായിടങ്ങളിൽ എല്ലാം കൂടുതൽ മെച്ചപ്പെട്ട പഠനങ്ങൾ പ്രവർത്തനങ്ങൾ നൽകുന്നതിലും അദ്ധ്യാപകർ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

നമ്മുടെ രാജ്യത്തിലെ മികച്ച പൗരന്മാർ ആയി മാറുവാനുള്ള എല്ലാ പരിശീലനങ്ങളും വിദ്യാലയം പ്രദാനം ചെയ്യുന്നുണ്ട്.

൨൦൨൩- ൨൪

## മെച്ചപ്പെടുത്തിയ ഭൗതിക സാഹചര്യങ്ങൾ

* വിദ്യാലയത്തിന് ചുറ്റുമുള്ള ചുറ്റുമതിൽ പൂർണ്ണമായും പുതുക്കി പണിതു. പഞ്ചായത്തിന്റെ ഫണ്ടും SBI യുടെ CSR ഫണ്ടും ഉപയോഗിച്ചാണ് ഇത് ചെയ്തത്.
* SBI യുടെ CSR ഫണ്ട് ഉപയോഗിച്ച് പെൺകുട്ടികളുടെ ടോയ്‌ലറ്റ് യൂറിനൽ, ടോയ്‌ലറ്റ്, ആൺകുട്ടികളുടെ ടോയ്‌ലറ്റ് എന്നിവ പുതുക്കി പണിത് വൃത്തിയാക്കി. Unfit ആയിരുന്ന ക്ലാസ് മുറികൾ Fit ആക്കി. പഞ്ചായത്തിന്റെ Project ആയി കുഴൽ കിണർ കുഴിച്ചു. വെള്ളം കിട്ടി തുടങ്ങി.

## അക്കാദമികം

* CSR ഫണ്ട് ഉപയോഗിച്ച് 4 പ്രൊജക്ടറുകളും Screen ഉം വിദ്യാലയത്തിനു വാങ്ങി
* നഴ്സറി കുട്ടികൾക്ക് ഇരിക്കാനുള്ള ചെയറുകളും മേശയും വാങ്ങി. (ബാല പദ്ധതി SSA)
* നഴ്സറി കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങി.

ആദ്യകാലത്തേതിൽ നിന്നും വളരെയധികം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും പരിമിതികൾ ഏറെയാണ്. വരും കാലത്തിൽ അത് കൂടി പരിഹരിക്കാനുള്ള ശ്രമത്തിലാണ് അധ്യാപകരും രക്ഷിതാക്കളും. അതിനായി സമൂഹത്തിലെ എല്ലാവരുടേയും പിന്തുണ ആവശ്യമാണ്.

2024-25 അധ്യയന വർഷത്തിൽ മെച്ചപ്പെടുത്തിയ ഭൗതിക സാഹചര്യങ്ങൾ

(1) സ്കൂൾ മുഴുവൻ പെയിന്റിംഗ് നടത്തി. SBI യുടെ CSR ഫണ്ട് വിനിയോഗിച്ചാണ് ചെയ്തത്.

(2) Boys ന്റെ യൂറിനൽ പുതുക്കി Tiles പതിക്കുകയും വൃത്തിയാക്കുകയും ചെയ്തു. അതിനോടനുബന്ധിച്ച് ഒരു യൂറോപ്യൻ ക്ലോസറ്റോടു കൂടിയ ടോയ്‌ലറ്റ് ഉണ്ടാക്കി.

(3) 5 മുറികളുള്ള പടിഞ്ഞാറ് ഭാഗത്തെ കെട്ടിടം പൊളിച്ച് പുതിയ 4 ക്ലാസ് മുറികളോടു കൂടിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചു.

(4) പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി ഗേറ്റ് ഉണ്ടാക്കി.

അക്കാദമികം

⇒ CSR ഫണ്ട് ഉപയോഗിച്ച് പ്രിന്റർ വാങ്ങി (Scanner Cum Printer)

⇒ 5 കുട്ടികൾക്ക് LSS സ്കോളർഷിപ്പ് ലഭിച്ചു.

ഇനിയും വേണ്ടത്

* സ്കൂൾ ബസ് നിർത്താനായി ഷെഡ്
* എല്ലാ ക്ലാസ് മുറികളും High-tech ആക്കൽ
* ഓഫീസ് റൂം സീലിങ്ങോടു കൂടി നവീകരിക്കൽ
* സ്കൂളിൽ ക്യാമറ സ്ഥാപിക്കൽ
* ഇന്റർനെറ്റ് സംവിധാനം ഒരുക്കൽ
* സോളാർ പാനൽ സ്ഥാപിക്കൽ
* കുടിവെള്ളത്തിനായി പ്യൂരിഫയർ സ്ഥാപിക്കൽ
* കുട്ടികൾ കൈ കഴുകുന്ന സ്ഥലം ഷീറ്റ് മേയൽ

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG Class Tr | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം · ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക വായന | വർഷം മുഴുവൻ | HM SRG Class Tr CPTA | PTA. |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG Class Tr | PTA |
| **രുചിച്ചറിയാം** | | | | |
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG Class Tr SRG PTA | |
| **ഓർക്കാം - അഭിമാനിക്കാം** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമദിനങ്ങൾ ആചരിക്കൽ, പുസ്തക പ്രദർശനം-പരിചയം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | HM SRG Class Tr SRG | PTA. |

| | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ പ്രഥമമായി വായിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലി കൂടെ മുഴുവൻ നിയന്ത്രണം കുട്ടികൾക്ക്) | വർഷം മുഴുവൻ | Class Tr | |
| ENGLISH | DIARY | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിൽ വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | Class Tr. | |
| ENGLISH | THEATRE | | | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | Class Tr | SMC |
| ENGLISH | MAGAZINE | | | |
| സർഗാത്മക രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM Class Tr SMC | SMC |
| ENGLISH | CORNER | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് വായനാ പരിപോഷണം | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച വായനാ മൂല ഒരുക്കൽ, വായനാ വേദി ഒരുക്കൽ | രണ്ടാഴ്ചയിൽ നിന്ന് | Class Tr | PTA |

പ്രവൃത്തി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം, അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG CLASS Tr. | PTA SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ. | ആവശ്യാനുസരണം | HM SRG CPTA Class Tr. | PTA രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം, ഇന്ത്യ ഭൂപടവായന സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG Class Tr | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം പരീക്ഷണങ്ങൾ ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG Class Tr | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG Class Tr | PTA |

# ഗണിതം

## കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ അഭ്യസനം ചെയ്യൽ (മൂല്യനിർണ്ണയം ഏണിയും പാമ്പും ഡയസ് കളി) സങ്കലനം, വ്യവകലനം കച്ചവടക്കളി | വർഷം മുഴുവൻ | SRG ക്ലാസ് Tr. | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിതശാസ്ത്രപഠനം രസകരമാക്കൽ (കരചലന ശേഷി വികാസം) | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA. |
| **ഗണിതലാബ്** | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | PTA ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠനപ്രവർത്തനങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG class teacher | PTA |

ലക്ഷ്യം

* നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക
ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം

* പ്രകൃതി സംരക്ഷണം

* വ്യക്തി ശുചിത്വം

| S/NO | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1. | pre test<br>* സസ്യങ്ങളെ തരംതിരിക്കൽ<br>* പ്രകൃതി നടത്തം (പഠം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം | ജൂൺ<br>ജൂൺ - ജൂലൈ |
| 2. | * മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കേണ്ടതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>* മഴക്കുഴി നിർമ്മാണം<br>* വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ |
| 3. | | |
| 3. | * കൈ കഴുകൽ പരിശീലനം<br>* പോസ്റ്റർ നിർമ്മാണം<br>* ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ - ഒക്ടോബർ |

## വിഷയം: മലയാളം

ലക്ഷ്യം : നാടൻപാട്ട് ചൊല്ലിയിടും സ്വയം താളം പിടിക്കും ചൊല്ലിയും. ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

* വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം കണ്ടെത്തുക
* പഴഞ്ചൊല്ലും നാട്ടുമൊഴിപഴമവും സ്വന്തം ഭാഷാ പ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ മറ്റു കുട്ടികളെയും പ്രാപ്തരാക്കുക.
* സാഹിത്യ രചനകൾ (കവിത, വിവരണം, വായിച്ചും കേട്ടും സ്വയം ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| ക്ര നം | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | വായ്ത്താരി ചന്തം<br>* വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു.<br>വായ്ത്താരി മേളം<br>* ശേഖരിച്ച വായ്ത്താരികൾ പ്രധാന സന്ദർഭങ്ങൾ എന്നിവയിൽ അവതരണം<br>* വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.<br>* ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻപാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ<br>* നാടൻപാട്ട് ശില്പശാല<br>* പാവനാടകം പരിചയപ്പെടുത്തൽ<br>* പാവനാടകം അവതരണം. | ജൂൺ |
| 2 | പഴഞ്ചൊൽ പൊലിമ<br>* പഴഞ്ചൊല്ലുകൾ ശേഖരണം.<br>* പഴഞ്ചൊല്ലുകൾ അടങ്ങിയ ആശയാവിഷ്കാരം<br>ഒരു ദിനം ഒരു പഴഞ്ചൊല്ല്<br>കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതിപ്പിക്കുന്നു.<br>* പഴഞ്ചൊൽ പൊലിമ എന്ന പതിപ്പ് നിർമ്മാണം | ജൂൺ - ജൂലായ് |

| | | |
|---|---|---|
| 3 | റീഡേഴ്സ് തിയേറ്റർ<br>* കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു<br>* വായന അവസരം<br>* കഥാപാത്ര വിശകലനം<br>* ആരാണ് നടന്മാർ<br>* നടന്മാർ സംവദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ<br>* സ്ക്രിപ്റ്റ് രചന<br>* സ്ക്രിപ്റ്റ് വായന<br>* അവതരണം | ജൂലൈ |
| 4. | കടങ്കഥ<br>* കടങ്കഥ മുൻ അറിവ് പരിശോധന<br>* വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥകളുടെ ശേഖരണം<br>* കടങ്കഥ നിർമ്മാണം<br>* കടങ്കഥ പതിപ്പ് തയ്യാറാക്കൽ<br>* കടങ്കഥ ശില്പശാല<br>* വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം<br>* ഡോക്യുമെന്ററി പ്രദർശനം<br>* കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം, ആൽബം തയ്യാറാക്കൽ | ജൂലൈ - ആഗസ്റ്റ് |
| 5 | കഥോത്സവം<br>* നാട്ടുകഥകൾ ശേഖരണം<br>* നാട്ടുകഥകൾ അവതരണം<br>* കഥാപാത്ര ചിത്രീകരണം<br>* സ്വന്തം അനുഭവത്തിൻ കഥാവതരണം<br>* കഥാപൂരണം<br>* കേട്ട കഥകൾ ഭാവനാത്മകമാക്കി അവതരിപ്പിക്കൽ<br>* കഥ, കഥ, കഥ ... കഥോത്സവ്<br>* ഓരോ കഥയുടെയും അവതരണത്തിനുശേഷം ഉള്ളടക്ക ചർച്ച | ആഗസ്റ്റ് |
| 6. | നിഘണ്ടു പരിചയം<br>* മലയാള അക്ഷരങ്ങൾ അകാരാദി ക്രമത്തിൽ എഴുതുന്നു. നിർദ്ദിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു. | ജൂലൈ - മാർച്ച് |

| | | |
|---|---|---|
| 2. | * Develop the creative speaking and writing.<br>* Reading skills<br>* Book reading<br>* Find words<br>* collect and read past tense<br>* Rhyming words<br>* TB Activities<br><br>writing skills<br>make word web picture description<br>word chain<br>* Make words - sentencess<br>* Make riddles, conversations<br>* Add more lines. | August and September |
| 3. | To Express thoughts, Feelings etc..<br>* Reading skills.<br>* Library book reading.<br>* conversations, skit, stories, use ICT<br>Read notice, Develop story<br><br>writing skills<br>* Description<br>* Thoughts | October - Novembes. |
| 4. | Develop the creative speaking and writing<br>* Reading skills<br>* Libarary books reading<br>* conversations, skit stories use ICT | December - January |

| | | |
|---|---|---|
| | * Develop story<br>* Reads dairy<br><br>writing skills<br><br>Dairy<br>Announcement | |
| 5. | * February and March<br>To improve the presentation power.<br><br>Reading skills.<br><br>Library books reading<br>conversations, skit stories<br>Develop story.<br>writing skills.<br>• Dairy<br>• Descriptions<br>• Thoughts<br>• Exibition | February – march |

## പ്രതീക്ഷിത നേട്ടങ്ങൾ

വായനയിലും ലേഖനത്തിലും ചതുഷ് ക്രിയകളിലും അവഗാഹം നേടുന്നു. പിന്നോക്കക്കാരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തമായ പ്രവർത്തനങ്ങളിലൂടെ എല്ലാവരും മികച്ച അക്കാദമിക നിലവാരം കൈവരിക്കും.

## മോണിറ്ററിംഗ്

പ്രധാനാധ്യാപിക.

## ഉപസംഹാരം

അക്കാദമിക മേഖലയിൽ പിന്നോക്കക്കാരെ കണ്ടെത്തി മുൻ നിരയിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ എല്ലാ അധ്യാപകരും കുട്ടികളും പങ്കാളികളാവുന്നു. മോണിറ്ററിംഗ് നടത്തി പോരായ്മകൾ പരിഹരിച്ച് പദ്ധതിയുടെ വിജയം നേടിയെടുക്കുന്നു.